# ദൈവം ഇല്ലേ?

## തോമസ് ഫിലിപ്പ് റാന്നി

**ദൈ**വം ഇല്ലെന്ന് ഒരു കൂട്ടമാളുകൾ വാദിക്കുന്നു. ഈശ്വരദത്തമായ സർവ്വനന്മകളും അനുഭ വിച്ചു കൊണ്ട് ദൈവത്തെ അപലപിക്കുകയാണ് അവർ ചെയ്തുകൊണ്ടിരിക്കുന്നത്. ദൈവം ഇല്ലെന്ന് തെളിയിക്കുവാനോ സ്ഥാപിക്കുവാനോ അവർക്ക് നാളിതുവരെയും കഴിഞ്ഞിട്ടില്ല. ഇരുട്ടിൽ വസിച്ചു കൊണ് വെളിച്ചത്തെ പഴിക്കുകയാണവർ ചെയ്തുകൊണ്ടിരിക്കുന്നത്. പരിണാമവാദ സിദ്ധാന്തത്തിന്റെ ഉപജ്ഞാതാവായിരുന്ന ചാൾസ് ഡാർവിൻ 1871–ൽ എഴുതിയ മനുഷ്യോൽപ്പത്തി എന്ന ഗ്രന്ഥത്തിൽ നമുക്ക് അനുമാനിക്കാം സങ്കൽപ്പിക്കാം ഇങ്ങനെ ഉണ്ടായി അങ്ങനെ ഉണ്ടായി എന്നുള്ള അനിശ്ചിതത്വ ദ്യോതകമായ വാക്കുകൾ 800 ഓളം പ്രാവിശ്യം ആവർത്തിച്ച് പ്രസ്താവിച്ചിരിക്കുന്നു. മനുഷ്യൻ ചിമ്പാൻസി കുരങ്ങിൽ നിന്നും ഉണ്ടായതാകാമെന്നാണല്ലോ ഡാർവിന്റെ പരിണാമ വാദ സിദ്ധാന്തം. അങ്ങനെയെ ങ്കിൽ ലോകത്തിൽ ലക്ഷക്കണക്കിന് വിവിധ ഇനം ജന്തുവർഗ്ഗങ്ങൾ ഉണ്ട്. ഇവയിൽ ഒന്നുപോലും മറ്റൊരു വർഗ്ഗമായി രൂപപ്പെടുന്നതായി തെളിയിക്കുവാൻ ശാസ്ത്രത്തിന് ഇതുവരെ കഴിഞ്ഞിട്ടില്ല.

ദൈവം ഇല്ലെങ്കിൽ പിന്നെ ആരാണ് ജീവന്റെ ആധാരം? ദൈവത്തെ നിഷേധിക്കുന്ന ബുദ്ധിഹീ നനായ മനുഷ്യൻ അത്ഭുതകരമായും അതിമനോഹരമായും നിർമ്മിക്കപ്പെട്ടിരിക്കുന്ന സ്വന്തം ശരീരത്തി ലേക്ക് ഒരു നിരീക്ഷണം നടത്തട്ടെ. ആശ്ചര്യകരമായിട്ടുള്ള മനുഷ്യസൃഷ്ടിയെപ്പറ്റി എബ്രായ കവി ഇങ്ങനെ പാടി. ഭയങ്കരവും അതിശയവുമായി എന്നെ സൃഷ്ടിച്ചിരിക്കയാൽ ഞാൻ നിനക്ക് സ്തോത്രം ചെയ്യുന്നു; ലോകത്തിലെ അത്ഭുതങ്ങളിൽ ഒന്നാകുന്നു മനുഷ്യൻ. മനുഷ്യന്റെ തലച്ചോറിൽ കോടിക്കണക്കിനുള്ള കോശങ്ങളുണ്ട്. കണ്ണുകളിൽ ദർശന ശക്തിക്കു വേണ്ടി കോടിക്കണക്കിനുള്ള ദണ്ഡുകളുണ്ട്. ഇവയെ ലക്ഷക്കണക്കിനുള്ള നാഡീതന്തുക്കൾ കൊണ്ട് തലച്ചോറിനോട് ഘടിപ്പിച്ചിരിക്കുന്നു. വളരെ ചെറുതായ ശ്രവണേന്ദ്രിയത്തിൽ ആയിരക്കണക്കിനുള്ള വൈദ്യുത സർക്ക്യൂട്ടുകളുണ്ട്. ഹൃദയം ഓരോ ദിവസവും ഒരു ലക്ഷം പ്രാവിശ്യം സ്പന്ദിക്കുകയും തല മുതൽ പാദം വരെയുള്ള ഒരു ലക്ഷം കിലോമീറ്റർ നീള ത്തിലുള്ള രക്തക്കുഴലുകളിലൂടെ രക്തം പമ്പു ചെയ്തുകൊണ്ടിരിക്കുകയും ചെയ്യുന്നു. ഇത് എത്ര ആശ്ച ര്യകരമാകുന്നു. അങ്ങനെ ഓരോ ശരീരാവയവങ്ങളുടെയും പ്രവർത്തനങ്ങൾ എത്രയോ അത്ഭുതകരമാ യിട്ടുള്ളതാകുന്നു? മനുഷ്യന്റെ തലച്ചോറിൽ 30 ബില്യൻ നാഡീകോശങ്ങൾ അടങ്ങിയിട്ടുള്ളതായി മെഡി ക്കൽ സയൻസ് പറയുന്നു.

ജീവന് നിദാനമായ വസ്തു ബീജമാകുന്നുവല്ലോ. സസ്യങ്ങൾക്കും ജന്തുക്കൾക്കും മനുഷ്യനും അതാതിന്റെ സ്വഭാവങ്ങളെയും ജീവിതരീതികളെയും രൂപീകരിക്കുന്ന ബീജങ്ങൾ ഓരോ സെല്ലിലുമട ങ്ങിയിരിക്കുന്നു. ഭൂമിയിൽ നില നിൽക്കുന്ന ജീവനെ നിയന്ത്രിക്കുന്നത് അവർണ്ണനീയമാം വിധം ചെറു തായ അണുരൂപത്തിലുള്ള കോടാനുകോടി ബീജങ്ങളാകുന്നു. അത്ഭുതാവഹമായ വിധത്തിലുള്ള ഈ ജീവന്റെ പ്രവർത്തന പ്രക്രിയകൾ ഏത് മഹാ പ്രതിഭയിൽ നിന്നും ഉരുത്തിരിഞ്ഞു വന്നു? പൊട്ടിത്തെറി അഥവാ ബിംഗ് ബാംങ് (Big Bang) എന്ന വിധ്വത്വ തിയറിയിൽ നിന്നും ഉത്ഭൂതമായിട്ടുള്ളതാണോ ഈ പ്രപഞ്ചം? പഴങ്ങൾക്ക് മണവും രുചിയും മധുരവും പൂക്കൾക്ക് ശോഭയും സുഗന്ധവും സൗന്ദര്യവും പ്രദാനം ചെയ്തുകൊണ്ടിരിക്കുന്ന ജീവന്റെ ഉടയവൻ ആര്? ഈ പ്രപഞ്ചത്തിൻരെ ശിൽപ്പി ആര്? യുക്തി വാദികൾക്ക് പറയാമോ?? അറിവിന്റെ മഹാസമുദ്രത്തിൽ അരയോളം വെള്ളത്തിൽ ഇറങ്ങി നിന്നിട്ട് കച ലിനെ ഞാനറിഞ്ഞു കഴിഞ്ഞു ഇനിയും അറിയാനൊന്നും ഇല്ലെന്ന് പറയുന്ന അൽപ്പ ബുദ്ധിക്ക് തുല്യ നാണ് എല്ലാ യുക്തിവാദികളും.

പ്രപഞ്ചത്തെപ്പറ്റിയുള്ള മനുഷ്യന്റെ അറിവ് എത്രയോ പരിമിതമാണ്. പതിനായിരം ജന്മങ്ങൾ കിട്ടി ജീവിച്ചിരുന്നാൽ പോലും അനന്തവും അത്ഭുതകരവുമായ ഈ പ്രപഞ്ചത്തെപ്പറ്റിയുള്ള അറിവിന്റെ കോടാനുകോടിയിൽ ഒരംശം പോലും ഗ്രഹിക്കുവാനുള്ള ബുദ്ധിശക്തി 'മണ്ണിലെ മന്ദബുദ്ധി'യായ മനു ഷ്യനുണ്ടാകുമോ? ജീവനെക്കുറിച്ചും ഈ പ്രപഞ്ചത്തെപ്പറ്റിയും അതിന്റഎ ആദിയയെയും ആവിർഭാവ ത്തെക്കുറിച്ചുമൊക്കെ വസ്തുനിഷ്ഠമായി തങ്ങൾ പഠിച്ചുകഴിഞ്ഞു എന്ന് തോന്നും ഈ ഭൂമി പോയിട്ട് ഇന്ത്യയുടെ നാലിലൊന്നു ഭൂഭാഗങ്ങൾ പോലും ശരിക്ക് കണ്ടിട്ടില്ലാതെ സർവ്വജ്ഞാനി ചമഞ്ഞു നട ക്കുന്ന ഇന്നത്തെ പല യുക്തിവാദികളുടെയും വാദങ്ങളും പ്രസംഗങ്ങളുമൊക്കെ കേട്ടാൽ! 'മൂഢൻ'cvg എന്നാകുന്നു ബൈബിൾ ഇവരെ വിശേഷിപ്പിച്ചിരിക്കുന്നത്. മനുഷ്യന്റെ അൽപ്പബുദ്ധിയേയും അജ്ഞത യെയും ഒരു കവി വിലയിരുത്തുന്നത് നോക്കുക.

അനന്തമജ്ഞാതമവർണ്ണനീയം
ഈ ലോകഗോളം തിരിയുന്ന മാർഗ്ഗം
അതിങ്കലെങ്ങാനൊരിടത്തിരുന്നു
നോക്കുന്ന മർത്യൻ കഥയെന്തറിഞ്ഞു?

ഇതല്ലേ സത്യം? ദൈവത്തിന്റെ വിധികളും വിചാരങ്ങളും മനുഷ്യന് എത്ര അഗോചരം? ഹെർബർട്ട് സ്പെൻസർ ഇങ്ങനെ പറഞ്ഞു. 'ആകാശ വിതാനത്തിന്റെ ശിൽപ്പ കലാചാതുര്യം എന്താണെന്ന് മനസ്സിലാക്കാതെയും ഭൂമുഖത്ത് ദൈവകരം എഴുതിയിട്ടുള്ള മഹാപുരാണം എന്താണെന്ന് ഒന്ന് നോക്കുവാൻ പോലും കഴിയാതെയും മനുഷ്യൻ കടന്നുപോകുന്നു'. ദൈവത്തിന്റെ ദാനമായ ജീവിതത്തിലെ ധനത്തിലും സുഖത്തിലും യശസ്സിലും ആരോഗ്യത്തിലും സൗന്ദര്യത്തിലും ബുദ്ധിശക്തിയിലുമൊക്കെ അഹങ്കരിച്ചു ജീവിക്കുന്ന മനുഷ്യനെക്കുറിച്ച് ദൈവവചനം പറയുന്നത് എന്തെന്ന് ശ്രദ്ധിക്കുക. "യഹോവയുടെ കൈ ഇതു പ്രവർച്ചിരിക്കുന്നു എന്ന് ഇവയെല്ലാം കൊണ്ടു ഗ്രഹിക്കാത്തവനാർ? സകല ജീവജന്തുക്കളുടെയും പ്രാണനും സകല മനുഷ്യവർഗ്ഗത്തിന്റെയും ശ്വാസവും അവന്റെ കൈയ്യിൽ ഇരിക്കുന്നു." (ഇയ്യോബ് 12:9-10)

മനുഷ്യന് ഒരുടയനില്ലേ? പ്രപഞ്ചത്തിന് ഒരു സൃഷ്ടാവും ഭരണാധികാരിയുമില്ലേ? ഞങ്ങൾ എന്തുകൊണ്ട് ദൈവത്തിൽ വിശ്വസിക്കുന്നു എന്ന് ഒരു വലിയ വിഭാഗം ശാസ്ത്രജ്ഞന്മാർ പ്രസ്താവിച്ചിട്ടുള്ള പ്രപഞ്ചസത്യങ്ങളിൽ ചുരുക്കം ചിലതു മാത്രം ഞാനിവിടെ ഉദ്ധരിക്കട്ടെ. ഭൂമി മണിക്കൂറിൽ 1000 മൈൽ വേഗത്തിൽ അതിന്റെ അച്ചുതണ്ടിൽ തിരിയുന്നു. എന്നാൽ ഈ ഭ്രമണം മണിക്കൂറിൽ 100 മൈൽ മാത്രമായിരുന്നെങ്കിൽ ഇന്നത്തെ രാത്രിയും പകലും പത്തിരട്ടി ദൈർഘ്യമുള്ളതാകുമായിരുന്നു. സൂര്യന്റെ അതികഠിനമായ ചൂടിൽ ഭൂമിയിലെ സസ്യങ്ങൾ ഒക്കെ കരിഞ്ഞു പോയേനേം. ജീവനു നിദാനമായ സൂര്യന്റെ ഉപരിതലത്തിന് 12000 ഡിഗ്രി ചൂടുണ്ട്. ആവശ്യത്തിലധികം ചൂടുണ്ടാകാതെ ഭൂമി സൂര്യനിൽ നിന്നും വേണ്ടത്ര അകലത്തിൽ സ്ഥിതി ചെയ്യുന്നു. സൂര്യൻ ഇപ്പോഴത്തെ നിലയിൽ നിന്നും വളരെ ദൂരത്തിലായിരുന്നുവെങ്കിൽ ഭൂനിവാസികൾ മുഴുവനും തണുത്തുറഞ്ഞ് പോകുമായിരുന്നു. സൂര്യനിൽ നിന്നുള്ള ചൂട് ഇരട്ടിയായിരുന്നുവെങ്കിൽ ജീവജാലങ്ങൾ മുഴുവനും കരിഞ്ഞ് ചാമ്പലാകുമായിരുന്നു. ചന്ദ്രൻ ഇന്നത്തെ നിലയിൽ നിന്നും കുറേ കൂടി താഴത്തായിരുന്നുവെങ്കിൽ ഭൂഖണ്ഡങ്ങളെ സമുദ്ര വെള്ളത്തിൽ മുക്കിയേനേം. ഭൂമിയുടെ അന്തരീക്ഷത്തിന് ലാഘവം വർദ്ധിച്ചിരുന്നെങ്കിൽ ദിനംതോറും ലക്ഷക്കണക്കിന് എരിഞ്ഞു വീഴുന്ന നക്ഷത്രങ്ങൾ ഭൂമി മുഴുവനും അഗ്നിപ്രളയം സൃഷ്ടിക്കുമായിരുന്നു. അങ്ങനെ എന്തെല്ലാം നിയന്ത്രണങ്ങൾ?

എന്താണ് ഈ പ്രപഞ്ചത്തിൽ അത്ഭുതകരമല്ലാത്തത്? വെള്ളം അത്ഭുതമല്ലേ? അഗ്നി അത്ഭുതമല്ലേ? ഭൂമി അത്ഭുതമല്ലേ? സമുദ്രം അത്ഭുതമല്ലേ? ഗർഭിണിയുടെ ഉദരത്തിൽ മനുഷ്യശിശു ഉരുവായി വരുന്നത് അത്ഭുതമല്ലേ? ഓരോ ചതുരശ്ര അടിയിലും അത്ഭുതം മുറ്റി നിൽക്കുന്നില്ലേ? 'ജ്ഞാനത്താൽ ഭൂമിക്കടിസ്ഥാനമിട്ട, വിവേകത്താൽ ആകാശത്തെ ഉറപ്പിച്ച' സർവ്വശക്തനായ ദൈവം ഇയ്യോബിനോട് ചോദിച്ചു: 'ആഴിയുടെ ആഴത്തിൽ നീ സഞ്ചരിച്ചിട്ടുണ്ടോ? ഭൂമിയുടെ വിശാലത നീ ഗ്രഹിച്ചിട്ടുണ്ടോ? ആകാശത്തിലെ നിയമങ്ങളെ നീ അറിയുന്നുവോ? അതിന് ഭൂമിമേലുള്ള സ്വാധീനത നിർണ്ണയിക്കാമോ? അന്തരംഗത്തിൽ ജ്ഞാനത്തെ വെച്ചവനാര്? മന്സിന് വിവേകം കൊടുത്തവനാര്? കുതിരയ്ക്ക് നീയോ ശക്തി കൊടുത്തത്? വെളിച്ചം വസിക്കുന്ന സ്ഥലത്തേക്കുള്ള വഴി ഏത്? ഞാൻ ഭൂമിക്ക് അടിസ്ഥാനമിട്ടപ്പോൾ നീ എവിടെയായിരുന്നു? അങ്ങനെ എന്തെല്ലാം സത്യങ്ങൾ?

വെറും പേരിനും പ്രശസ്തിക്കും വേണ്ടി ദൈവം ഇല്ലെന്ന് അട്ടഹസിച്ചു നടക്കുന്ന യുക്തിവാദികൾക്ക് സൃഷ്ടാവായ ദൈവത്തെ ആത്മാർത്ഥമായും കാണാൻ ആഗ്രഹമുണ്ടെങ്കിൽ അവർ ഇരുട്ടുള്ള രാവുകളിൽ നക്ഷത്രനിബിഢമായ നീലാകാശത്തേക്ക് അൽപ്പനേരം കണഅണു തുറന്നൊന്നു നോക്കട്ടെ. സമുദ്രത്തിലെ മണൽത്തരികൾ പോലെ എണ്ണിക്കൂടാത്തവണ്ണം ആകാശവിതാനത്തിൽ മിന്നിത്തിളങ്ങുന്ന നക്ഷത്രക്കൂട്ടങ്ങളിൽ അവർക്കവന്റെ അത്ഭുതമുഖത്തെ കാണാം. അതുമല്ലെങ്കിൽ വിശാലമായ മയാമീ ബീച്ചിലോ മരീനാ ബീച്ചിലോ ഒന്നുപോയി 15 മിനിറ്റു നേരം അനന്തമായ ആഴിയിലേക്കൊന്നു നോക്കിയാലും അതിന്റെ സൃഷ്ടാവായ ദൈവത്തെ അവർക്ക് ദർശിക്കാം. അതിന് ഇവയേക്കാളൊക്കെ വലിയവനാകുന്നു താൻ എന്ന ഭാവം മനുഷ്യൻ ഉപേക്ഷിച്ചേ മതിയാകൂ! പ്രപഞ്ചത്തിൽ എവിടെയാണ് ഈശ്വരസാന്നിദ്ധ്യം ഇല്ലാത്തത്? ഇയ്യോബ് പറഞ്ഞു അവൻ എന്റെ അരികെ കൂടെ കടക്കുന്നു; ഞാൻ അവനെ കാണുന്നില്ല എന്ന്. ഇതല്ലേ സത്യം? ദൈവം നിന്റെ അന്തരംഗത്തിലുണ്ട്. പക്ഷേ, നീ അവനെ അംഗീകരിക്കുന്നില്ല. ഭഗവ്ഗീത പറയുന്നു:

പിതാമഹസ്വ ജഗതോ
മാതാ ധാതാ പിതാമഹഃ
വേദ്യം പവിത്രമോങ്കാര
ഋക്സാമ യജുരേവ ച

'ഈ പ്രപഞ്ചത്തിന്റെ പിതാവും മാതാവും പിതാമഹനും കർമ്മഫലദാതാവും പരിശുദ്ധ വസ്തുവും ഓങ്കാരവും വേദങ്ങളുമൊക്കെ ഞാൻ (ഭഗവാൻ) തന്നെയാകുന്നു' എന്ന്. ബൈബിൾ എന്തു പറയുന്നു എന്ന് നോക്കാം: 'ഞാൻ അല്ഫയും ഒമേഗയും ഒന്നാമനും ഒടുക്കത്തവനും ആദിയും അന്തവുമാകുന്നു,' (വെളി. 22:13) എന്താണു സ്നേഹം? എവിടെയാണ് അതിന്റെ ഉൽപ്പത്തി? സമാധാനം എന്ത്? അത് എവിടെ നിന്ന് വരുന്നു?

വായനക്കാരാ ദൈവം ഇല്ലേ? പിന്നെ ആരാണ് നിന്റെ ജീവന്റെ ആധാരം? പ്രസിദ്ധമായ പരിണാമ വാദ സിദ്ധാന്തത്തിന്റെ ഉപജ്ഞാതാവായ ഡാർവിൻ പോലും തന്റെ ജീവിതാന്ത്യത്തിൽ ബൈബിൾ എടുത്തു വായിച്ചു ദൈവത്തെ കണ്ടെത്തി അവനെ മഹത്വപ്പെടുത്തിയാണ് മരിച്ചതെന്നുള്ള സത്യം ഇന്നത്തെ എത്ര യുക്തി വാദികൾക്കറിയാം 'താൻ ചില അനുമാനങ്ങൾ, അഭിപ്രായങ്ങൾ; ആശയങ്ങളൊക്കെ എഴുതി. അത് കാട്ടുതീ പോലെ പടരുന്നത് കണ്ട് ഞാൻ അന്ധാളിച്ചു എന്നും ഒടുവിൽ മനുഷ്യർ അവയെക്കൊണ്ട് ഒരു മതമുണ്ടാക്കി' എന്നും ഡാർവിൻ തന്റെ അന്ത്യനാളുകളിൽ വിലപിച്ചു. മാത്രമല്ല, കാറൽ മാർക്സ് തന്റെ പ്രസിദ്ധമായ 'മൂലധനം' (Das Kapital) എന്ന ഗ്രന്ഥം ഡാർവിന് സമർപ്പിക്കുവാനുള്ള ആഗ്രഹം അറിയിച്ചപ്പോൾ അത് നിരസിച്ചുകൊണ്ട് നിരീശ്വരവാദത്തെ ശക്തമായി വെറുക്കുകയാണ് ഡാർവിൻ ചെയ്തത്. 'ദൈവം ഇല്ല, എന്ന് മൂഢൻ തന്റെ ഹൃദയത്തിൽ പറയുന്നു.' (സങ്കീ. 53:1)

അത്ഭുതകരമായ ഈ പ്രപഞ്ചത്തെപ്പറ്റിയും അദൃശ്യമായ അതിന്റെ സൃഷ്ടി രഹസ്യങ്ങളെക്കുറിച്ചും അംശമായിട്ടുള്ള ഒരറിവു മാത്രമേ ആധുനിക ശാസ്ത്രത്തിനു പോലും ലഭിച്ചിട്ടുള്ളൂ എന്നുള്ളതല്ലേ സത്യം? 'ഈ കാണുന്ന ലോകത്തിനു ദൃശ്യമായതല്ല കാരണം എന്നു വരുമാറു ലോകം ദൈവത്തിന്റെ വചനത്താൽ നിർമ്മിക്കപ്പെട്ടു എന്നു നാം വിശ്വാസത്താൽ അറിയുന്നു' എന്നാണ് ബൈബിൾ ഇതെപ്പറ്റി പറയുന്നത്.

ദൈവത്തിന്റെ ശക്തിയും മഹത്വവും എത്ര അപ്രമേയമാകുന്നു! ആകാശം ദൈവത്തിന്റെ മഹത്വത്തെ വർണ്ണിക്കുന്നു. ആകാശവിതാനം അവന്റെ കൈവേലയെ പ്രസിദ്ധമാക്കുന്നു എന്ന് സങ്കീർത്തനക്കാരൻ പാടി. ആകാശം ദൈവത്തിന്റെ മഹത്വത്തെ വർണ്ണിക്കുന്നുവോ? ആകാശഗോളങ്ങൾ അവന്റെ കൈവേലയെ പ്രസിദ്ധമാക്കുന്നുണ്ടോ എന്ന് വളരെ പരിമിതമായ അളവിലെങ്കിലും നമുക്കൊന്ന് പരിശോധിക്കാം. സൂര്യൻ എത്രയോ വലിപ്പമുള്ള ഒരു ഗോളമാകുന്നു. ഭൂമിയെപ്പോലുള്ള പത്തുലക്ഷം ഗോളങ്ങളുടെ വലിപ്പം സൂര്യനുണ്ട്. എങ്കിലും ചില നക്ഷത്രങ്ങളുടെ വലിപ്പവുമായി താരതമ്യപ്പെടുത്തിയാൽ സൂര്യൻ വളരെ ചെറുതായ ഒരു ഗോളമാണെന്ന് മനസ്സിലാക്കാം. സൂര്യന്റെ വലിപ്പമുള്ള 50 കോടി ഗോളങ്ങളെ അതിന്റെ ഉള്ളിൽ ഉൾക്കൊള്ളുവാൻ കഴിയുമാറ് അത്രയ്ക്ക് വലിപ്പമുള്ള കോടികണക്കിന് നക്ഷത്രങ്ങൾ ക്ഷീരപഥത്തിൽ അഥവാ മിൽക്കിവേയിൽ ഉണ്ടെന്ന് ജ്യോതിശാസ്ത്രജ്ഞന്മാർ പറയുന്നു. ക്ഷീരപഥത്തിനും അപ്പുറത്ത് ഇനിയും കണ്ടുപിടിക്കാൻ സാധിക്കാത്തതും അറിയപ്പെടാത്തതുമായ സംഖ്യാതീതങ്ങളായ നക്ഷത്രക്കൂട്ടങ്ങൾ അനന്തമായ ആകാശവിതാനത്തിൽ സ്ഥിതി ചെയ്യുന്നുണ്ടെന്ന് അവർ പ്രഖ്യാപിക്കുന്നു. ഇതു വല്ലതും മനസ്സിലാക്കുവാനോ ചിന്തിക്കുവാനോ ഉള്ള ബുദ്ധിശക്തി യുക്തിവാദികൾക്ക് ഉണ്ടോ? 'നിന്റെ വിരലുകളുടെ പണിയായ ആകാശത്തെയും നീ ഉണ്ടാക്കിയ ചന്ദ്രനെയും നക്ഷത്രങ്ങളെയും നോക്കുമ്പോൾ മർത്യനെ നീ ഓർക്കേണ്ടതിന് അവൻ എന്ത്?' എന്ന് സങ്കീർത്തനക്കാരൻ ചോദിക്കുന്നു. ഇവിടെ മണ്ണിലെ കൃമിയായ, മന്ദബുദ്ധിയായ മനുഷ്യൻ എത്ര നിസ്സാരൻ! എത്ര നിസ്സഹായൻ! ഈ അത്ഭുത പ്രപഞ്ചത്തെയും സകല ജന്തുവർഗ്ഗങ്ങളെയും മനുഷ്യരാശിയെയും സൃഷ്ടിച്ച് കാത്തു പരിപാലിക്കുന്ന സ്നേഹനിധിയായ ദൈവത്തിന് നന്ദിയും മഹത്വവും കരേറ്റി ജീവിക്കുവാൻ കഴിയാത്ത മനുഷ്യൻ ബുദ്ധിഹീനനാകുന്നു.

വിസ്താരഭയത്താൽ ഇതിവിടെ ചുരുക്കട്ടെ. ദൈവമില്ലേ? ബൈബിൾ പ്രസ്താവനകൾ നൂറു ശതമാനവും സത്യമാകുന്നു എന്ന് ശാസ്ത്രം തലകുലുക്കി സമ്മതിക്കുന്നു. സർവ്വങ്കഷമായ ദൈവവചനം മനുഷ്യനെയും ലോകത്തെയും ഭരിച്ചുകൊണ്ടിരിക്കുന്നു. ആക്ഷരികവും അത്ഭുതകരവുമായ രീതിയിൽ ബൈബിളിലെ എല്ലാ പ്രവചനങ്ങളും നിറവേറിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. ഒരിക്കൽ പ്രഷ്യയിലെ നിരീശ്വരനായിരുന്ന ഫ്രഡറിക്ക് ചക്രവർത്തി അദ്ദേഹത്തിന്റെ സർവ്വസൈന്യാധിപൻ വോൺ സയിഥനോട് നിങ്ങൾക്ക് കഴിയുമെങ്കിൽ ഒരൊറ്റ വാക്കിൽ നിങ്ങൾ വിശ്വസിക്കുന്ന മാർഗ്ഗം ശരിയാണെന്ന് സ്ഥാപിക്കുക എന്നു പറഞ്ഞു. അതിന് ആ ജനറൽ കൊടുത്ത മറുപടി 'യിസ്രായേൽ' എന്നായിരുന്നു. ഈ മറുപടി കേട്ട ചക്രവർത്തി തന്റെ ജനറലിന്റെ ദൈവത്തെ മാനിക്കുവാനും വിശ്വസിക്കുവാനും

തീരുമാനിച്ചു. ഇസ്രായൽ രാഷ്ട്രം ഇന്ന് മുഴുലോകത്തിന്റെയും ശ്രദ്ധാകേന്ദ്രമായി തീർന്നുകൊണ്ടിരിക്കുന്നു. അത്രയ്ക്കൊരൽഭുത പ്രതിഭാസമാകുന്നു ലോകത്തിൽ ഇന്ന് ഇസ്രായേൽ. ആസന്ന ഭാവിയിൽ യെഹസ്ക്കേൽ പ്രവചനം 38-ാം അദ്ധ്യായത്തിലൂടെയും സെഖര്യാ പ്രവചനം 12-ാം അദ്ധ്യായത്തിലൂടെയും ബൈബിളിലെ മറ്റു പ്രവചന പുസ്തകങ്ങളിലൂടെയും പ്രവചിച്ചിരിക്കുന്നതുപോലെ വള്ളിക്കും പുള്ളിക്കും മാറ്റം വരാത്ത വിധത്തിൽ ഭൂമിയിലെ സകലജാതികളും ബഹുഭൂരിപക്ഷം ലോകരാഷ്ട്രങ്ങളും യെരുശലേമിനും യിസ്രായേലിനും വിരോധമായി കൂടി വരാൻ പോകുന്നു. യിസ്രായേലിനെതിരായി ഉണ്ടാകാൻ പോകുന്ന ആ അന്ത്യലോക മഹായുദ്ധത്തിന്റെയും മനുഷ്യ മഹാ സംഹാരത്തിന്റെയും മണിമുഴക്കം മദ്ധ്യ പൗരസ്ത്യദേശത്തു നിന്നും ഇന്നത്തെ തലമുറ അഥവാ ഈ യുഗത്തിൽ ജീവിക്കുന്ന മനുഷ്യരാശി കേൾക്കാൻ പോകുന്നു. ആർക്കും സംശയം വേണ്ട. ദൈവപുത്രനായ ക്രിസ്തുവിന്റെ പുരാഗമനത്തിന്റെ ഏറ്റവും വലിയ തെളിവും ഇതാകുന്നു എന്ന് ബൈബിൾ ഉച്ചൈയ്സ്തരം ഉത്ഘോഷിക്കുകയും ചെയ്യുന്നു. ദൈവം ഉണ്ടെന്ന് വിശ്വസിക്കുവാൻ നിരീശ്വരവാദികൾക്ക് ഇതിനേക്കാൾ വലിയ മറ്റെന്ത് തെളിവാണ് വേണ്ടത്?

ഈപ്പറഞ്ഞ ബൈബിൾ പുസ്തകങ്ങളൊക്കെ എങ്ങനെ എഴുതപ്പെട്ടു എന്തു സത്യമുണ്ടെന്നതിൽ എന്നൊക്കെ മുൻവിധി കൂടാതെ വായിച്ച് പരിശോധിക്കാവുന്നതാണ്. ചിന്തിക്കാവുന്നതാണ്. ഖുർആനും, ഹൈന്ദവ വേദങ്ങളും, ബുദ്ധ-സിക്കു മതഗ്രന്ഥങ്ങളും ഞാൻ വായിക്കാറുമുണ്ട്.

ക്രിസ്ത്യാനിയാകാൻ ആരോടും ഞാൻ പറയുകയില്ല. അതുകൊണ്ട് എന്തു പ്രയോജനം? എന്നാൽ സത്യത്തെ നിഷേധിച്ച് ജീവിക്കുവാൻ ആർക്കും കഴിയുകയില്ല. അതുകൊണ്ട് സത്യം പറയുന്നു. എഴുതുന്നു. ചിലരൊക്കെ തരംതാണ ഭാഷയിൽ പരിഹസിക്കുകയും ചെയ്യുന്നു. ഇന്ന് അല്ലെങ്കിൽ നാളെ സത്യത്തിന്റെ മുമ്പിൽ നാം നമ്മുടെ ശിരസ്സ് കുനിച്ചേ മതിയാകയുള്ളൂ. ഇത് നാം മറക്കരുത്. നിസ്സഹായനായ മനുഷ്യാ ആരും നിന്നെ രക്ഷിക്കയില്ല! രക്ഷപ്പെടണമെങ്കിൽ ദൈവത്തിൽ വിശ്വസിച്ച് അവന്റെ ഇഷ്ടം ചെയ്തു ജീവിക്കുക. (ബൈബിളിനോടും ഗീതയോടും ശാസ്ത്രീയ ഗ്രന്ഥങ്ങളോടും കടപ്പാട്)

******